

# സ്വാസ്ഥ്യം

website : www.mudraraiki.com

മാർഗ്ഗശീർഷം 1936 വൃശ്ചികം 1190
ഡിസംബർ 2014

ഇന്ത്യൻ റെയ്കി അസോസിയേഷൻ ബുള്ളറ്റിൻ

വോള്യം 5 ലക്കം 10

**ആമുഖം**

## ആചാര്യപാദങ്ങളിൽ ആദരപൂർവ്വം



ചിരിച്ചും ചിരിപ്പിച്ചും ചിന്തിപ്പിച്ചും വഴികാട്ടിയും നമ്മളോടൊപ്പം നമ്മളിലൊരാളായി ജീവിച്ച ആ വലിയ മനുഷ്യൻ, ഇന്ത്യൻ റെയ്കി അസോസിയേഷന്റെ ആചാര്യനായ ശ്രീ.സി.എം.കൃഷ്ണനുണ്ണി എന്ന കൃഷ്ണനുണ്ണിയേട്ടൻ, ഇന്ന് നമ്മളോടൊപ്പമില്ല. ഇനി ആ ശബ്ദം കേൾക്കാനോ, നർമ്മം നുകരാനോ, സ്നേഹം അനുഭവിയ്ക്കാനോ, ഭാഷാവൈഭവം ആസ്വദിയ്ക്കാനോ നമ്മൾക്കാവില്ല. മരണത്തിന്റെ പവിത്രവും നിഗൂഢവുമായ ലോകത്തിലേയ്ക്ക് അദ്ദേഹം പൊയ്ക്കഴിഞ്ഞിരിയ്ക്കുന്നു. ആ ദിവ്യപ്രകാശം പ്രപഞ്ചചൈതന്യത്തിന്റെ ഭാഗമായിത്തീർന്നിരിയ്ക്കുന്നു.

കൃഷ്ണനുണ്ണിയേട്ടന്റെ ചിന്തകളിൽ പലപ്പോഴും കടന്നുവരാറുള്ള വിഷയമായിരുന്നു മരണം. നീക്കുപോക്കില്ലാത്ത പ്രാപഞ്ചിക സത്യങ്ങളിലൊന്നാണ് മരണമെന്നും ജീവന്റെ നിയോഗം അവസാനിയ്ക്കുമ്പോൾ മരണം വന്നണയുമെന്നും മരുന്നുകൊണ്ടോ മന്ത്രംകൊണ്ടോ മരണത്തെ തടയാൻ ശ്രമിയ്ക്കേണ്ടതില്ലെന്നും മരണത്തെ സ്വീകരിയ്ക്കാനും അനുഭവിയ്ക്കാനുമുള്ള മനസ്സാണ് നമുക്ക് വേണ്ടതെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു. ആരോഗ്യമുള്ളകാലത്ത് പറഞ്ഞിരുന്ന ഈ കാര്യങ്ങൾ മരണം കൺമുന്നിൽ വന്നുനിന്നപ്പോഴും ആവർത്തിച്ചു എന്നതാണ് അദ്ദേഹത്തിന്റെ മഹത്വം. അവസാന നാളുകളിൽ, തന്നെ പരിചരിയ്ക്കാനെത്തിയ ബന്ധുമിത്രാദികളോടും വൈദ്യലോകത്തെ സുഹൃത്തുക്കളോടും ഭിഷഗ്വരന്മാരോടും തനിയ്ക്കുവേണ്ടി ചെയ്യുന്ന ജീവൻ രക്ഷാപ്രവർത്തനങ്ങൾ പരിപൂർണ്ണമായി നിർത്തിവെയ്ക്കണമെന്നും ആസന്നമായ മരണത്തെ തന്നിൽ പ്രവർത്തിയ്ക്കാൻ അനുവദിയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. ആ സമയത്ത് അദ്ദേഹത്തിന്റെ സ്ഥിതപ്രജ്ഞഭാവത്തിൽ സ്ഫുരിച്ച ഗാംഭീര്യം അത് കണ്ടവരുടെ മനസ്സിൽ നിന്നും ഒരിക്കലും മാഞ്ഞു പോകാനിടയില്ല.

മററുള്ളവരുടെ ദൃഷ്ടിയിൽ കൃഷ്ണനുണ്ണിയേട്ടൻ എങ്ങിനെയാണ് എന്ന് പറയാൻ ഞങ്ങൾക്കാവില്ല. പക്ഷെ ഞങ്ങൾ കണ്ടിട്ടുള്ളതിൽവെച്ച് ഏററവും മാന്യനും സത്യസന്ധനും മനുഷ്യസ്നേഹിയുമായിരുന്നു കൃഷ്ണനുണ്ണിയേട്ടനെന്ന് ഞങ്ങൾക്ക് നിസ്സംശയം പറയാൻകഴിയും. കാപട്യത്തിന്റെ മുഖംമൂടി ഒരിക്കലും അണിഞ്ഞിട്ടില്ലാത്ത അദ്ദേഹം താൻ എന്താണോ, എങ്ങിനെയാണോ അതുപോലെത്തന്നെ ജീവിച്ചു. നമുക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും സത്യങ്ങൾ പറഞ്ഞുകൊണ്ടേയിരുന്നു. തനിയ്ക്ക് ഗുണമോ ദോഷമോ എന്നുനോക്കാതെ ശരിയെന്നു തോന്നുന്നതൊക്കെ ചെയ്തു. ലാഭനഷ്ടങ്ങളുടെ കണക്കെടുക്കാതെ ആദർശത്തിന്റെ പന്ഥാവിലൂടെമാത്രം സഞ്ചരിച്ചു. അടുത്തവർക്കൊക്കെ നിർല്ലോഭം സ്നേഹം നൽകി. വാൽസല്യം തന്നു. സാന്ത്വനത്തിന്റെ അക്ഷയഖനിയായി, കാരുണ്യത്തിന്റെ അലകടലായി അദ്ദേഹം ജീവിച്ചു.

തെററുകളോടും തെററുകൾ ചെയ്യുന്നവരോടും അദ്ദേഹം നിർദ്ദാക്ഷിണ്യം കലഹിച്ചു. തീപാറുന്ന വാക്കുകൾകൊണ്ട് അവരെ നിർദ്ദയം ദണ്ഡിച്ചു. ഇല്ലാത്ത ചിരി മുഖത്തണിയുവാനോ, വാക്കുകളിൽ വെള്ളംചേർത്ത് മധുരം കലർത്തി സംസാരിയ്ക്കുവാനോ, തലകുനിച്ചും തലചൊറിഞ്ഞും ജീവിയ്ക്കുവാനോ തനിയ്ക്കാവില്ല എന്ന് തിരിച്ചറിഞ്ഞപ്പോൾ, തനിക്കേററവും പ്രിയപ്പെട്ട സജീവരാഷ്ട്രീയത്തോട് അദ്ദേഹം വിടപറഞ്ഞു. പിന്നീടങ്ങോട്ട് ചിന്തയുടേയും എഴുത്തിന്റേയും റെയ്കിയുടേയും മാത്രം മേഖലയിലൂടെ അദ്ദേഹം സഞ്ചരിച്ചു.

ആൾക്കൂട്ടത്തിന്റെ ആരവങ്ങളിൽ നിന്നും പ്രശസ്തിയുടെ പൊലിമയിൽനിന്നും ഉൾവലിഞ്ഞ് തന്റെ ശ്രദ്ധയും പ്രയത്നവും ഇന്ത്യൻ റെയ്കി അസോസിയേഷൻ എന്ന സംഘടനയ്ക്കായി അദ്ദേഹം സമർപ്പിച്ചു. കഴിഞ്ഞ പതിനഞ്ചുവർഷവും ആ ജീവിതം അതിനുവേണ്ടി മാത്രമായിരുന്നു. വലിയൊരുപ്രസ്ഥാനത്തെ കെട്ടിപ്പടുക്കാനല്ല, നല്ലൊരു സംഘടനയെ വാർത്തെടുക്കാനാണ് അദ്ദേഹം ശ്രമിച്ചത്. സംഘടനയുടെ ആസ്തിയിലോ വ്യാപനത്തിലോ അല്ല പ്രവർത്തകരുടെ മനസ്സിന്റേയും ചിന്തയുടേയും വളർച്ചയ്ക്കാണ് അദ്ദേഹം ഊന്നൽ നൽകിയത്. അദ്ദേഹം ഉയർത്തിപ്പിടിച്ച മൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് ജീവിയ്ക്കുകയും അദ്ദേഹം നെയ്തെടുത്ത സംഘടനയുടെ ശുദ്ധിയും പവിത്രതയും നിലനിർത്തി പ്രവർത്തിയ്ക്കുകയുമാണ് അദ്ദേഹത്തെ സ്നേഹിയ്ക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നവരെന്ന നിലയിൽ നമ്മുടെ കർത്തവ്യം. അതിനായി റെയ്കിപരമബോധ പരാശക്തി നമ്മെ അനുഗ്രഹിയ്ക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ലക്കം സ്വാസ്ഥ്യം ആദരപൂർവ്വം കൃഷ്ണനുണ്ണിയേട്ടന്റെ ദീപ്തസ്മരണയ്ക്കുമുന്നിൽ സമർപ്പിയ്ക്കുന്നു.

## പാഥേയം



**എൽ. ഗിരീഷ്കുമാർ**
ചെയർമാൻ
'ശ്രീപുരം' താന്ത്രികഗവേഷണകേന്ദ്രം
ഇരിങ്ങാലക്കുട

# ജനന മരണങ്ങൾ.... ഭയം

കടൽ വെള്ളത്തിലെ ഹിമാനി പോലെയാണ് ചിദാനന്ദത്തിൽ ഈ ദൃശ്യപ്രപഞ്ചം സ്ഥിതി ചെയ്യുന്നത്. കടൽ വെള്ളവും ഹിമാനിയും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാത്തതുപോലെ ചിദാനന്ദവും ദൃശ്യപ്രപഞ്ചവും തമ്മിൽ ഭേദമില്ല.

കടൽ വെള്ളത്തിൽ നിന്ന് ഹിമാനി രൂപം കൊള്ളുന്നതിനെ ജനനമെന്നും ആ ഹിമാനി ഉരുകി കടൽ വെള്ളമാകുന്നതിനെ മരണമെന്നും പറയാം. കടൽവെള്ളം തന്നെയാണ് തിരയായി മാറുന്നത്. തിര തിരിച്ച് കടലിൽ ലയിക്കുകയും ചെയ്യുന്നു. കടൽവെള്ളം തിരയായി ഉരുവം കൊള്ളുന്നതിനെ ജനനമെന്നും തിര കടലിൽ ലയിക്കുന്നതിനെ മരണമെന്നും പറയാം.

മരണത്താൽ മരിയ്ക്കുന്ന വ്യക്തിസത്തയ്ക്ക് യാതൊന്നും സംഭവിയ്ക്കുന്നില്ല. ഇല്ലാതാവുന്നത് ജീവിച്ചിരിയ്ക്കുന്നവർക്ക് കുറച്ചുകൂടി ഓർമ്മകൾ ലഭ്യമാകാനുള്ള അവസരം മാത്രം. ക്ഷേത്രദർശനം കഴിഞ്ഞ് പുറത്ത് കടന്നുനോക്കുമ്പോൾ തന്റെ ഉപയോഗിച്ച് പഴകിയ ചെരുപ്പ് നഷ്ടപ്പെട്ടു കാണുമ്പോഴുണ്ടാകുന്ന വേദന / വിഷമം, കൂടിയ അളവിൽ അനുഭവപ്പെടുന്നതിനെ മരണദുഃഖമെന്ന് വിശേഷിപ്പിയ്ക്കാം. അത് മാററിനിർത്തിയാൽ മരണം ഒരു സ്വാഭാവിക സംഭവം മാത്രം. ചിദാനന്ദത്തിൽനിന്ന് ഒരു തിരപോലയോ ഹിമാനിപോലയോ ഒരു വ്യതിരിക്തത രൂപം കൊള്ളുന്നത് ജനനവും ആ വ്യതിരിക്തത ചിദാനന്ദത്തിൽ വിലയം പ്രാപിയ്ക്കുന്നത് മരണവുമാണെങ്കിൽ ദുഃഖത്തിന് പ്രസക്തിയെന്ത്?

ഈ സത്യം മനസ്സിലാക്കിയാൽ ജനന മരണങ്ങളിൽ നിന്നും സംസാരബന്ധങ്ങളിൽ നിന്നും മുക്തി പ്രാപിയ്ക്കാം. ഈ സത്യം പൂർണ്ണമായി ഉൾക്കൊള്ളാൻ അനുഷ്ഠിയ്ക്കുന്നതാണ് സാധന. വിശേഷം സാമാന്യത്തിൽനിന്ന് വ്യതിരിക്തമാണെന്ന് കരുതുന്നതാണ് ഭയത്തിനു കാരണമാവുന്നത്. ചിദാനന്ദസമുദ്രമെന്ന സാമാന്യവും അതിൽ ഉരുവംകൊണ്ട ഹിമാനിയെന്നോ തിരയെന്നോ വിശേഷിപ്പിയ്ക്കാവുന്ന വ്യതിരിക്തവിശേഷസത്തയും തമ്മിലെന്ത് ഭേദം? ഭേദമില്ലെങ്കിൽ എന്ത് ചേതം? ചേതമില്ലെങ്കിൽ എന്തിന് ഭയം?

# ഈശ്വരാനുഗ്രഹത്തിന്റെ 15 വർഷങ്ങൾ

**എം.സുരേഷ് കുമാർ**

കൃഷ്ണനുണ്ണിയേട്ടന്റെ ദേഹവിയോഗം സൃഷ്ടിച്ച വേദനയുമായാണ് ഐ.ആർ.എ പ്രവർത്തനത്തിന്റെ 16-ാം വർഷത്തിലേയ്ക്കു പ്രവേശിയ്ക്കുന്നത്. പ്രഗത്ഭനായ ഒരു സംഘാടകനേയും സമാനതകളില്ലാത്ത ഒരാചാര്യനേയുമാണ് ഐ.ആർ.എയ്ക്കു നഷ്ടമായത്.

1999ലെ ദീപാവലി ദിവസം രൂപംകൊണ്ട ഈ പ്രസ്ഥാനത്തെ അന്നുമുതൽ അതിന്റെ അമരത്തിരുന്ന് നയിച്ചത് കൃഷ്ണനുണ്ണിയേട്ടനായിരുന്നു. റെയ്കിയുടെ അന്തഃസത്ത ഉയർത്തിപ്പിടിയ്ക്കുന്നതിലും മൂല്യാധിഷ്ഠിത കാഴ്ചപ്പാടുകൾ കാത്തുസൂക്ഷിക്കുന്നതിലും അദ്ദേഹം ഒരിക്കലും ഉപേക്ഷ കാണിച്ചിട്ടില്ല. അടിസ്ഥാനപരമായ ആശയങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ, ശരികളിൽനിന്നും വ്യതിചലിക്കാതെ സംഘടനയെ പ്രവർത്തിപ്പിയ്ക്കുന്നതിൽ അദ്ദേഹം എന്നും പ്രതിജ്ഞാബദ്ധനായിരുന്നു. പ്രചരണ കുതന്ത്രങ്ങൾക്കും കമ്പോളത്തിന്റെ പ്രലോഭനങ്ങൾക്കും അദ്ദേഹം വശംവദനായില്ല. ആൾക്കൂട്ടത്തെ ആകർഷിക്കുന്ന സൂത്രപ്പണികളിലേക്ക് ഒരിക്കൽപോലും അദ്ദേഹം വഴുതിവീണില്ല.

മുദ്രാറെയ്കിയുടെ ആവിഷ്കാരവും ലളിതാസഹസ്രനാമത്തിൽ നിന്നും കണ്ടെത്തിയ ദീക്ഷാസൂത്രവും ഐ.ആർ.എയുടെ പ്രവർത്തനവഴികളിലെ നാഴികക്കല്ലുകളാണ്. കൃഷ്ണനുണ്ണിയേട്ടന്റെ പ്രതിഭയുടേയും അന്വേഷണത്വരയുടേയും പ്രത്യക്ഷ തെളിവുകളായി റെയ്കിയുടെ ചരിത്രം അതിനെ രേഖപ്പെടുത്താതിരിക്കില്ല.

കഴിഞ്ഞ പതിനഞ്ചു വർഷങ്ങളായി മുടങ്ങാതെ നടന്നുവരുന്ന റെയ്കി ഉപാസക സംഗമങ്ങളിലെ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളോരോന്നും ജ്ഞാനസമ്പുഷ്ടങ്ങളായിരുന്നു. വിഷയത്തിന്റെ ഗാംഭീര്യവും വാക്കുകളുടെ ചൈതന്യവും അവതരണത്തിന്റെ സരളതയും സമ്പന്നമാക്കിയ ആ പ്രഭാഷണങ്ങൾ ശ്രോതാക്കളുടെ മനസ്സിലും ബുദ്ധിയിലും അറിവിന്റേയും ഉൾക്കാഴ്ചയുടേയും പുതിയനീരുറവകൾ സൃഷ്ടിച്ചു.

റെയ്കി ക്ലാസുകളിലേക്കുവരുന്ന കുറച്ചുപേരെ കൂടുതൽ ശ്രദ്ധിച്ചും അവർക്ക് കൂടുതൽ അറിവുകൾ പകർന്നും അവരെ കൂടുതൽ നല്ല റെയ്കി ഉപാസകരാക്കിത്തീർക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിനുവേണ്ടി സമർപ്പിതമായിരുന്നു ആ ജീവിതം.

ഐ.ആർ.എ യുടെ പിന്നിട്ട വർഷങ്ങളോരോന്നും കൃഷ്ണനുണ്ണിയേട്ടന്റെ സാന്നിദ്ധ്യംകൊണ്ട് ധന്യവും സമ്പൂർണ്ണവും അനുഗ്രഹീതവുമായിരുന്നു. എന്നാൽ ഇന്ന് കൃഷ്ണനുണ്ണിയേട്ടൻ നമ്മളോടൊപ്പമില്ല. അദ്ദേഹത്തിന്റെ അഭാവത്തിലും അദ്ദേഹം ഉയർത്തിപ്പിടിച്ച ആശയങ്ങളുമായി മുന്നോട്ടുപോകാൻ നമുക്കു സാധിക്കണം. ശ്രദ്ധയോടെ, വിവേകത്തോടെ അദ്ദേഹം കാണിച്ചുതന്ന വഴിയിലൂടെ സഞ്ചരിയ്ക്കുവാൻ നമുക്കാകണം. അദ്ദേഹത്തെ ഇഷ്ടപ്പെടുന്നവരെന്ന നിലയിൽ അത് നമ്മുടെ ധർമ്മമാണ്. ധർമ്മാനുസാരിയായി ജീവിയ്ക്കാനുള്ള ആർജ്ജവം നമുക്കുണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ കൃഷ്ണനുണ്ണിയേട്ടന്റെ സ്മരണകൾക്കുമുന്നിൽ ആദരവോടെ നമിയ്ക്കുന്നു.

# രോഗപരിചരണം ഈശ്വരോപാസന

**- സി. എം. കൃഷ്ണനുണ്ണി -**

ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ വേദനകളും കഷ്ടപ്പാടുകളുമായി കഴിഞ്ഞുകൂടുന്നതിനിടയിൽ ഒരു രാത്രി, അസ്വസ്ഥമായ എന്റെ മനസ്സിൽ ഉദയംകൊണ്ട ഒരാശയമാണിത്. മനസ്സിൽ നിന്നും ആ ആശയം മാഞ്ഞുപോകുന്നതിനു മുമ്പ് സ്വാസ്ഥ്യം വായനക്കാർക്കായി പരസഹായത്തോടെ ഞാനിത് കടലാസ്സിലേയ്ക്ക് പകർത്തുകയാണ്.

ബീജാവസ്ഥയിലുള്ള ഈ ആശയത്തെ ഒന്നു മിനുക്കിയെടുക്കുവാനോ, മനനം ചെയ്ത് പാകപ്പെടുത്തുവാനോ, വിശദീകരിയ്ക്കുവാനോ, വികസിപ്പിയ്ക്കുവാനോ പറ്റിയ ഒരവസ്ഥയിലല്ല ഞാനിപ്പോൾ. ആ ചുമതല സ്വാസ്ഥ്യത്തിന്റെ മാന്യവായനക്കാർ ഏറ്റെടുക്കും എന്ന് പ്രതീക്ഷിയ്ക്കുന്നു.

ഈശ്വരോപാസന സംബന്ധിച്ച ഒരു പുതിയ കാഴ്ചപ്പാട് അവതരിപ്പിയ്ക്കുവാൻ ഞാൻ ആഗ്രഹിയ്ക്കുന്നു. നാമിതുവരെ കണ്ടതും കേട്ടതും ശീലിച്ചുപോന്നതുമായ പതിവു രീതികളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഈ മാർഗ്ഗം.

രോഗാവസ്ഥയിലുള്ള ഞാൻ ഇപ്പോൾ ഈ വിഷയം കൈകാര്യം ചെയ്യുന്നത് സ്വാർത്ഥതാപരമാണെന്ന് ചിലപ്പോൾ ആർക്കെങ്കിലും തോന്നാം. എന്റെയുള്ളിൽ വന്നത് എഴുതുക എന്നതിൽ കവിഞ്ഞ് ഒരു താല്പര്യങ്ങളും ഇതിലില്ല എന്നുകൂടി അറിയിക്കുവാൻ ആഗ്രഹിയ്ക്കുന്നു.

സമൂഹത്തെ രോഗമുള്ളവർ, രോഗമില്ലാത്തവർ എന്നിങ്ങനെ രണ്ടായി തിരിയ്ക്കാം. ഇന്നലെ വരെ രോഗമില്ലാതിരുന്ന ആളായിരിയ്ക്കും ഇന്ന് രോഗിയാകുന്നത്. പക്ഷെ രോഗിയുടേയും അരോഗിയുടേയും ജീവിത ശൈലിയും ക്രമവും തികച്ചും വ്യത്യസ്തമായിരിയ്ക്കും. രോഗമില്ലാത്തവരുടെ ജീവിതത്തിലെ അനായാസത ഒരിയ്ക്കലും രോഗിയുടെ ജീവിതത്തിലുണ്ടാകില്ല. കഷ്ടപ്പാടുകളും പിരിമുറുക്കങ്ങളും വിലക്കുകളും കൂച്ചുവിലങ്ങിട്ടതായിരിയ്ക്കും ആ ജീവിതം. രോഗമില്ലാത്തവർക്ക് ഇഷ്ടമുള്ള രീതിയിൽ ജീവിയ്ക്കാം. ഇഷ്ടമുള്ളതെല്ലാം കഴിയ്ക്കാം. ഇഷ്ടമുള്ളിടത്തേയ്ക്കെല്ലാം പോകാം. സ്വതന്ത്രവും സ്വച്ഛവുമായിരിക്കും ആ ജീവിതം. എന്നാൽ രോഗിയുടെ അവസ്ഥ അതല്ല. രോഗിയ്ക്ക് ഇഷ്ടമുള്ള ചിട്ടയോ പഥ്യമോ ആയിരിയ്ക്കില്ല വൈദ്യൻ നിശ്ചയിയ്ക്കുന്നത്. ഒരു കട്ടിലിന്റെ നാലുമൂലയിൽ ഒതുങ്ങുന്നതായിരിയ്ക്കും പലപ്പോഴും രോഗിയുടെ ജീവിതം.

രോഗത്തിന്റെ കാഠിന്യം കൂടുന്നതിനനുസരിച്ച് ഈ പരാധീനതകളുടെ തീവ്രതയും കൂടും. രോഗത്തിന്റെ മൂർച്ഛിതാവസ്ഥയിൽ രോഗിയ്ക്ക് ശരീരബോധം നഷ്ടപ്പെടും. തൊട്ടാലും തലോടിയാലും സൂചികുത്തിയാലും കീറിമുറിച്ചാലും ഒന്നുമില്ലെന്ന ഒരവസ്ഥയിൽ രോഗി എത്തിച്ചേരും. രോഗി ആഹാരകാര്യത്തിലും നിസ്സംഗത പുലർത്താൻ തുടങ്ങും. ഭക്ഷണം കഴിച്ചാൽ കഴിച്ചു ഇല്ലെങ്കിലില്ല എന്ന മട്ടിലായിരിയ്ക്കും രോഗിയുടെ സമീപനം. ക്രമേണ ലിംഗബോധവും രോഗിയ്ക്ക് ഇല്ലാതാകും. താൻ ആണാണോ പെണ്ണാണോ എന്നുപോലും തിരിച്ചറിയാനാവാത്ത ഒരവസ്ഥ സംജാതമാകും. നാളും പക്കവും രാവും പകലും സമയവും കാലവും ഇല്ലാത്ത, സ്ഥലകാല ബോധം നഷ്ടപ്പെട്ട അവസ്ഥയിലായിരിയ്ക്കും അപ്പോൾ രോഗി.

ഇത് ഒരു തരത്തിൽ പരമശിവന്റെ അവസ്ഥയാണ്. എന്നാൽ സ്തോത്രങ്ങളിലൂടെയും സ്തുതിഗീതങ്ങളിലൂടെയും ഋഷീശ്വരന്മാർ പാടിപ്പുകഴ്ത്തിയ ശിവാവസ്ഥയാണ് ഇതെന്ന് പറയാനാവില്ല. കാരണം ശിവാവസ്ഥയുടെ സ്ഥായിയായ ഭാവം ആനന്ദമാണ്. എന്നാൽ ആനന്ദഭാവം രോഗിയിൽ പലപ്പോഴുമുണ്ടാകില്ല. അസ്വസ്ഥതയായിരിക്കും രോഗിയിൽ മുദ്രിതമായ ഭാവം. എന്നാൽ രോഗിയിൽ സ്ഫുരിയ്ക്കുന്ന നിസ്സംഗതയും നിർമ്മമത്വവും ശിവാവസ്ഥയിൽ പ്രകടമാകുന്ന ഭാവങ്ങൾ തന്നെയാണ്.

അതായത് രോഗത്തിലൂടെ രോഗി ശിവാവസ്ഥയിലേക്കുള്ള പാതയിലെത്തുന്നു. ശിവബോധത്തിനടുത്തെത്തുന്നു. രോഗം രോഗിയെ വിമലീകരിയ്ക്കുമ്പോൾ, ശുദ്ധനാകുമ്പോൾ രോഗി പരമശിവനായി മാറുന്നു. ശുദ്ധചൈതന്യമായിത്തീരുന്നു.

പരമശിവനെ ശ്രദ്ധയോടെ പരിചരിയ്ക്കുക എന്നതാണ് ഈശ്വരോപാസനയുടെ മുഖ്യധർമ്മം എന്നിരിയ്ക്കെ പരമശിവനായി മാറിയ രോഗിയുടെ പരിചരണം ഈശ്വരോപാസനയായി മാറുന്നു. ഈയൊരുപാസനയിലൂടെ മാത്രം ഈശ്വരനെ പ്രാപിയ്ക്കാൻ ഉപാസകനാകുന്നു.

രോഗിയുടെ പരിചരണം ശുദ്ധവും ശക്തവുമായ ഈശ്വരോപാസനയാണ്. എന്നാൽ രോഗപരിചരണം കേവലം കടമയോ നിർബന്ധിത സാഹചര്യത്തിൽ ഏറ്റെടുക്കേണ്ടിവരുന്ന ഒരു പ്രവൃത്തിയോ മാത്രമാകരുത്. അതൊരു ധർമ്മമാകണം. ജീവിതത്തിലെ സഹജഭാവമാകണം. സ്വമനസ്സാലെ, സന്തോഷത്തോടെ, സമർപ്പണത്തോടെ, നന്ദിയോടെ, നിഷ്ഠയോടെ രോഗിയെ പരിചരിയ്ക്കുന്നതാണ് യഥാർത്ഥ ഈശ്വരോപാസന.

രോഗപരിചരണത്തിന് മുതിരുന്നവർക്ക് പലതരത്തിലുള്ള കഷ്ടനഷ്ടങ്ങൾ സംഭവിയ്ക്കാം. വിലപ്പെട്ട സമയവും സ്വകാര്യ സന്തോഷങ്ങളും മാറ്റിവെയ്ക്കേണ്ടി വന്നേയ്ക്കാം. സമയത്തിനും കാലത്തിനും ഉണ്ണുവാനോ ഉറങ്ങുവാനോ വിശ്രമിയ്ക്കുവാനോ സാധിച്ചു എന്നു വരില്ല. പരിചരിയ്ക്കുന്നവരുടെ മനസ്സിനെ മുറിവേല്പിയ്ക്കുന്ന തരത്തിലുള്ള പെരുമാറ്റങ്ങൾ രോഗിയിൽ നിന്നും ഉണ്ടാകാനിടയുണ്ട്. ഇതെല്ലാം ഒരു പരീക്ഷണമായിക്കണ്ട് സ്നേഹത്തോടെ ക്ഷമയോടെ രോഗിയ്ക്ക് വേണ്ടത് വേണ്ടപ്പോൾ ചെയ്തുകൊടുക്കുവാൻ സാധിയ്ക്കുമ്പോഴാണ് സാധകൻ ഈശ്വരനോടടുക്കുന്നത്. ഇത്തരത്തിൽ സമർപ്പണഭാവത്തോടെ രോഗിയെ പരിചരിയ്ക്കുന്നവരുടെ മനസ്സും ബോധവും ശുദ്ധീകരിയ്ക്കപ്പെടുകയും അയാൾക്ക് ഈശ്വരസാക്ഷാത്കാരം ലഭിയ്ക്കുകയും ചെയ്യുന്നു.

രോഗം അനുഭവിച്ച് കഷ്ടപ്പെടുന്ന രോഗി മനസ്സിന്റേയും ബുദ്ധിയുടേയും ഉൾക്കാഴ്ചകൾ നിഷ്പക്ഷമായ ആത്മനിരൂപണത്തിന് ഉപയോഗപ്പെടുത്തിയാൽ അത് രോഗിയുടെ ആത്മീയ ഉൽക്കർഷത്തിന് കാരണമാകും.

ചുരുക്കത്തിൽ മനുഷ്യമനസ്സിന്റെ സംസ്കരണത്തിന് രോഗവും രോഗപരിചരണവും പോലെ വിശേഷമായ മറ്റൊന്നില്ല.

# തളർച്ച

*(ജീവിതത്തിലെ അവസാന നാളുകളിലൊന്നിൽ, ദീപാവലിയ്ക്ക് തൊട്ടുമുമ്പൊരു ദിവസം കൃഷ്ണനുണ്ണിയേട്ടനിൽ ഉദയംകൊണ്ട ഒരു ചിന്തയാണിത്. രോഗത്തിന്റെ തീനാമ്പുകൾക്ക് കൃഷ്ണനുണ്ണിയേട്ടന്റെ വീക്ഷണത്തെയോ, ഉൾക്കാഴ്ചയേയോ, ആശയപ്രപഞ്ചത്തെയോ, ചിന്താലോകത്തെയോ തെല്ലും പോറലേൽപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു ഈ ലിഖിതം. ഉയർന്ന ബോധാവസ്ഥയിലെ ഈ പ്രകാശരേണുവിനെ അല്പം വൈകിയാണെങ്കിലും സ്വാസ്ഥ്യത്തിന്റെ ദീപാവലി സമ്മാനമായി വായനക്കാർക്ക് സമർപ്പിക്കുന്നു.)*

കയ്യിനും കാലിനും ശരീരത്തിനും മനസ്സിനും തളർച്ച. സ്വാധീനമില്ലായ്മ. എന്താണീശ്വരാ ചെയ്യുക! അറിയാവുന്ന ക്ഷേത്രങ്ങളിലെല്ലാം വഴിപാടുകൾ നേർന്നു. അറിയാവുന്ന ദൈവപുരുഷന്മാരോടെല്ലാം അപേക്ഷിച്ചു. എന്നിട്ടും തളർച്ച തുടരുന്നു.

പെട്ടെന്ന് ഉള്ളിൽ നിന്നൊരു ശബ്ദം.

"എന്തിനാണ് നിന്റെ തളർച്ച തീരുന്നത്"

പ്രത്യേകിച്ച് ഉത്തരമൊന്നുമില്ല. ഇന്നലത്തെപ്പോലെ ഉണ്ണാൻ, കളിയ്ക്കാൻ, സഞ്ചരിയ്ക്കാൻ, എഴുതാൻ, പ്രസംഗിയ്ക്കാൻ....

അപ്പോൾ ഉള്ളിലെ ശബ്ദം - മനസ്സാക്ഷി - പറയുന്നു. നിനക്ക് തളർച്ച തീരണ്ട. ഇവിടെ എല്ലാവരും തളർന്നിരിയ്ക്കുകയാണ്. ഈ ലോകത്തിൽ ആർക്കും ആരുടെമേലും യാതൊരു സ്വാധീനവുമില്ല എന്നിരിയ്ക്കെ നിന്റെ ശരീരത്തിന്റെ സ്വാധീനമില്ലായ്മയെക്കുറിച്ച് വേവലാതിപ്പെടുന്നതെന്തിനാണ്?"

ശരിയാണ്. നിലനിന്നുകൊണ്ടിരിയ്ക്കുന്ന ഒരു പതിവു പ്രതിഭാസമാണ് തളർച്ച. അത് എല്ലാവരിലുമുണ്ട്. എല്ലാത്തിലുമുണ്ട്. ബീജരൂപത്തിലാണെന്നുമാത്രം. അതിലൊരംശം അല്പം വലുതായപ്പോൾ എന്റെ ശരീരതളർച്ചയായി.

തളർച്ചയില്ലാതെ എന്നെ ഇത്രയും കാലം കൊണ്ടുനടന്നത് ഈശ്വരനാണ്. കാത്തുരക്ഷിച്ചതും ഈശ്വരനാണ്. ഇപ്പോൾ എന്റെ ശരീരത്തെ തളർത്തിയിട്ടതും ഈശ്വരൻ തന്നെ. ഈശ്വരൻ ഒരു കാര്യം ചെയ്യുമ്പോൾ അതിന് എന്തെങ്കിലുമൊരു ഉദ്ദേശമുണ്ടാകും. ആ ഉദ്ദേശം നമുക്കിഷ്ടമാണോ, അല്ലയോ, ഗുണമാണോ, അല്ലയോ എന്നൊന്നും ചിന്തിയ്ക്കുന്നതിലർത്ഥമില്ല. നമ്മുടെയിഷ്ടപ്രകാരം കാര്യങ്ങൾ നടക്കണമെന്ന് ശഠിയ്ക്കുന്നതും ശരിയല്ല. ഈശ്വരനിശ്ചയമാണ് എന്റെ തളർച്ചയെങ്കിൽ അതിനെ ശാന്തമായി സന്തോഷത്തോടെ സ്വീകരിയ്ക്കുക മാത്രമാണ് എന്റെ ധർമ്മം. ആ ധർമ്മം അനുഷ്ഠിയ്ക്കുവാനുള്ള ആർജ്ജവം എനിയ്ക്കു തരണേ എന്നതുമാത്രമാണ് എന്റെ പ്രാർത്ഥന.

# റെയ്കിയും സഹോദരസായൂജ്യവും

**ആശിക് കൃഷ്ണൻ**

"എന്റെ ജീവിതമെന്നത് ഒരു ചെറുകഥാസമാഹാരം പോലെയാണ്. വളരെ വ്യത്യസ്തവും പരസ്പര ബന്ധമില്ലാത്തതുമായ കഥകളുടെ ഒരു സമാഹാരം. ഈ സമാഹാരത്തിലെ എനിക്കേറ്റവും ഇഷ്ടപ്പെട്ട കഥ റെയ്കിയോടൊപ്പം ഞാൻ പങ്കിട്ട കാലഘട്ടത്തിന്റെ കഥയാണ്. കൂടപ്പിറപ്പുകൾ ഇല്ലാത്ത എനിക്ക് ജീവന് തുല്യം സ്നേഹിക്കുന്ന സന്തോഷവും ദുഃഖവും പങ്കുവെയ്ക്കുന്ന ഒരു വലിയകൂട്ടം സഹോദങ്ങളെയാണ് റെയ്കി ദേവത സമ്മാനിച്ചിരിക്കുന്നത്. അതുകൊണ്ട് അവരും ഞാനും ഉൾപ്പെട്ട കൂട്ടായ്മയ്ക്ക് ഔപചാരിക പരിവേഷങ്ങൾ നൽകുന്നില്ല."- അച്ഛന്റെ ഈ വാക്കുകൾ ഇവിടെ കടമെടുത്തത് ഇന്ത്യൻ റെയ്കി അസോസിയേഷനിലെ എല്ലാവരെയും ഏത് സങ്കൽപ്പത്തിലാണ് അച്ഛൻ നോക്കികണ്ടിരുന്നത് എന്ന് സൂചിപ്പിക്കാൻ വേണ്ടി മാത്രമാണ്.

ഈ സാഹോദര്യത്തിന്റെ മധുരസ്മൃതികളുമായാണ് അച്ഛൻ അനശ്വരതയിലേക്ക് നീങ്ങിയത്. മരണാനന്തരദിനങ്ങളിൽ ഞങ്ങളെ സാന്ത്വനിപ്പിക്കാനെത്തിയ റെയ്കി ഉപാസകരെല്ലാം പങ്കുവെച്ചത് അവരുടെ ജീവിതത്തിൽ അച്ഛൻ പരത്തിയ പ്രകാശത്തിന്റെ കഥകളായിരുന്നു. അവർക്ക് അച്ഛൻ എത്രമാത്രം താങ്ങും തണലുമായിരുന്നു എന്നതിന്റെ അനുഭവങ്ങളായിരുന്നു. അങ്ങനെ പരസ്പരം താങ്ങായിരുന്ന ഈ സാഹോദര്യം അനുഭവിക്കാത്തവർക്ക് വിവരിച്ചു നൽകുക അസാദ്ധ്യം.

പരസ്പരവിരുദ്ധമെന്ന് തേന്നുന്ന പലതിന്റെയും ഒരു കൂടിച്ചേരലാണ് അച്ഛനെന്ന് പലപ്പോഴും തോന്നാറുണ്ട്. ഒരേ സമയം അഹങ്കാരിയും മുൻകോപിയും പരിഹാസിയുമായി തോന്നുന്ന അച്ഛൻ മറ്റൊരുഘട്ടത്തിൽ വളരെ വിനയാമ്പിതനായി ലാളിത്യത്തോടെ ആദരവോടെ പെരുമാറുന്നതും എന്നിൽ ആശ്ചര്യം ഉണർത്തിയിട്ടുണ്ട്. ദൈവസന്നിധിയിലും വൈദ്യസന്നിധിയിലും സ്വയം സമർപ്പിക്കുന്ന അച്ഛനെ മാതൃകയാക്കാൻ ഞാൻ കൊതിക്കുന്നു.

ജീവിതത്തിലെ മറ്റൊരുഘട്ടത്തിലും അനുഭവിക്കാത്ത സുരക്ഷാബോധവും ആത്മസംതൃപ്തിയും റെയ്കി കാലഘട്ടത്തിൽ അച്ഛൻ അനുഭവിച്ചിരുന്നു. ഒരേ സമയം പരമ്പരാഗത വ്യവസ്ഥയുടെ നാഥനായി നിലകൊണ്ട് തന്നെ എല്ലാ ചട്ടക്കൂടുകളെയും ചാടിക്കടക്കുന്ന അച്ഛനെ എന്നും ആർക്കും മാതൃകയാക്കാവുന്നതാണെന്ന് ഞാൻ കരുതാറുണ്ട്. സ്വന്തം വിവാഹത്തിന്റെയും മക്കളുടെ വിവാഹത്തിന്റെയും കാര്യത്തിൽ കൈകൊണ്ട നിലപാടുകൾ പ്രധാന ഉദാഹരണം.

അവനവന്റെ ജോലി കൃത്യതയോടെ, സമർപ്പണഭാവത്തോടെ ചെയ്യുക എന്നത് മാത്രമാണ് ഈശ്വരസേവ എന്ന സങ്കൽപ്പം പ്രചരിപ്പിക്കാൻ ശ്രമിച്ചതും എന്നിൽ ആവേശം സൃഷ്ടിച്ചിരുന്നു. എന്നാൽ, അതേ സമയം സർവ്വചരാചരങ്ങളിലും ഈശ്വരസാന്നിധ്യം സങ്കൽപ്പിക്കാനും അച്ഛൻ ശ്രമിച്ചിരുന്നു. എനിക്ക് ഇവിടെ ചെയ്യാനുള്ള ജോലിയെല്ലാം കഴിഞ്ഞെന്ന് വിവിധ രീതിയിൽ ആവർത്തിക്കാറുണ്ടായിരുന്ന അച്ഛൻ ഈശ്വരപ്രീതി നേടി വൈകുണ്ഠത്തിൽ ചേർന്നെന്ന് വിശ്വസിക്കുന്നു. എന്നാൽ, അച്ഛൻ തുറന്നുതന്ന വഴിയിലൂടെ സഞ്ചരിച്ച് ഒട്ടേറെ കർത്തവ്യങ്ങൾ എനിക്കും നമുക്കും ചെയ്യാനുമുണ്ട്. അതിന് റെയ്കിയുടെയും അച്ഛന്റെയും അനുഗ്രഹം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ച് മുന്നേറാം.

Printed & Published by Indian Raiki Association, 'Sobhanam', Mankavu, Kozhikode -7, Ph: 9895611907. For Private Circulation only